## മത്തായി 7.21-27

മധ്യവയസ്കയായ ഒരു സ്ത്രീ റോഡിലൂടെ നടന്നു പോകുകയായിരുന്നു. ബൈക്കിൽ വന്ന രണ്ടു ചെറുപ്പക്കാർ വഴി ചോദിക്കാനെന്ന വ്യാജേന ഈ സ്ത്രീയോട് സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവരുടെ മാല പറിച്ചു കടന്നു. കണ്ടു നിന്ന ഏതാനും പേർ ഓടി വന്നപ്പോൾ സാരമില്ല എന്നു പറഞ്ഞ് ആ സ്ത്രീ നടന്നു പോയി. സ്വർണ്ണം നഷ്ടപ്പെട്ടിട്ടും ഈ സ്ത്രീ പ്രതികരിക്കാത്തതിൽ ജനത്തിനു അത്ഭുതം തോന്നി. തൊട്ടടുത്ത ദിവസം റോഡിലൂടെ നടന്നു പോകുകയായിരുന്നു ആ സ്ത്രീ. അതേ യുവാക്കൾ അവരുടെ അടുത്തെത്തി. അവരിലൊരാൾ ആ സ്ത്രീയുടെ മുഖത്ത് ഒരടി വച്ചു കൊടുത്തു. എന്നിട്ടൊരു ഡയലോഗും : "മേലിൽ ഇമ്മാതിരി ഡ്യൂപ്ളിക്കേറ്റ് ആഭരണങ്ങൾ അണിഞ്ഞ് നടക്കരുത്". നമ്മുടെ കൊച്ചുകേരളത്തിൽ നടന്ന രസകരമായ ഒരു സംഭവമാണിത്. ഒറിജിനലിനെ പോലും തോല്പിക്കുന്ന ഡ്യൂപ്ലിക്കേറ്റുകളുടെ അഥവാ വ്യാജന്മാരുടെ കാലമാണിത്. വ്യാജമദ്യം , വ്യാജസർട്ടിഫിക്കറ്റ്, വ്യാജ പാസ്േപാർട്ട്, വ്യാജ സി. ഡി., വ്യാജനോട്ട് അങ്ങനെ പലതും . തന്റെ ശിഷ്യന്മാരിലും ഇത്തരം വ്യാജന്മാരുണ്ടാകും അവരെ തിരിച്ചറിയാനും സാധിക്കുമെന്ന് ഈശോ പഠിപ്പിക്കുകയാണ്. താൻ ഒരു യഥാർ ത്ഥ ശിഷ്യനാണോ അതോ വ്യാജനാണോ എന്ന് തിരിച്ചറിയാനുള്ള കാലഘട്ടമാണ് നോമ്പുകാലം . അഥവാ വ്യാജനാണെന്ന് തെളിയപ്പെട്ടാൽ ആ തിരിച്ചറിവിൽ നിന്നു കൊണ്ട് ഒരു യഥാർത്ഥ ശിഷ്യനിലേക്കുള്ള യാത്ര ചെയ്യേണ്ട കാലഘട്ടം കൂടിയാണ് നമ്മെ കാത്തിരിക്കുന്നത്. സ്വർണത്തിൽ വ്യാജനാണോ എന്ന് തിരിച്ചറിയാൻ ഉരച്ചു നോക്കിയാൽ മതി. ശിഷ്യരിൽ വ്യാജനാണോ എന്നറിയാൻ അവന്റെ വാക്കും പ്രവർത്തിയും നോക്കിയാൽ മതിയെന്നും

ഈശോ. ഒരുവന്റെ വാക്കും പ്രവർത്തിയുമാണല്ലോ അവന്റെ ജീവിതം . പുറമേ നിന്ന് ആരും വന്ന് പരിശോധിക്കേണ്ട കാര്യമില്ല. ആരും ആരെയും വിധിക്കണ്ട എന്നാണ് ഏഴാം അദ്ധ്യായത്തിന്റെ തുടക്കമ്. അവനവനു തന്നെ ഇത് കണ്ടത്താം . വചനത്തിന്റെ വെളിച്ചത്തിൽ .

ഒന്നാമതായി, ഒരു ക്രിസ്തു ശിഷ്യൻ തന്നോടു തന്നെ ചോദിക്കേണ്ടത് ഞാൻ ഇപ്പോൾ ജീവിക്കുന്നത് തന്നിഷ്ടപ്രകാരമാണോ അതോ ദൈവേഷ്ടപ്രകാരമാണോ എന്നാണ്. ഈശോ എപ്പോഴും പിതാവിന്റെ ഇഷ്ടം നിറവേറ്റിയവനാണ്. യോഹ 4:34ൽ ഈശോ പറയുന്നു: "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം ". മത്താ 12:50ൽ പറയുന്നു: "സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും ". ലൂക്ക 22:42ൽ ഈശോ പ്രാർത്ഥിക്കുന്നു: "പിതാവേ അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ എങ്കിലും എന്റെ ഹിതമല്ല അങ്ങയുടെ ഹിതം നിറവേറട്ടെ". മത്താ 21ൽ രണ്ടു പുത്രന്മാരുടെ ഉപമയിൽ ആരാണ് പിതാവിന്റെ ഇഷ്ടം നിറവേറ്റിയത് എന്നു ചോദിച്ചുകൊണ്ടാണ് ഈശോ ഉപമ അവസാനിപ്പിക്കുന്നത്. ഇതിൽ നിന്നെല്ലാം വ്യക്തമാണ് ജീവിതത്തിലുടനീളം പിതാവിന്റെ ഇഷ്ടം നിറവേറ്റിയവനാണ് യേശു എന്ന്. യേശുവിനെ അനുഗമിക്കുന്ന നമ്മൾ നമ്മിലേക്ക് തന്നെ തിരിഞ്ഞു നോക്കുമ്പോൾ യാഥാർത്ഥ്യം തിരിച്ചറിയുന്നു, അതായത്, നമ്മൾ തന്നിഷ്ടക്കാരാണെന്ന്.

ഒരു വിശ്വാസിയുടെ ജീവിതം ഒരു സംഘർഷമാണ്. അവനവനോടു തന്നെയുള്ള ഒരു യുദ്ധം . തന്നിഷ്ടങ്ങളും ദൈവേഷ്ടങ്ങളും തമ്മിലുള്ള ഒരു ദ്വന്ദയുദ്ധം . ഈ സംഘർഷമാണ് ഈശോയ്ക്ക് മരുഭൂമിയിലുണ്ടായത്. അതിൽ

ദൈവേഷ്ടത്തിലൂന്നി യേശു വിജയിക്കുന്നു. മറിച്ച് നമ്മൾ ഈ സംഘർഷത്തിൽ പരാജയപ്പെടുന്നു. കാരണം തന്നിഷ്ടം ദൈവേഷ്ടത്തെ കവച്ച് വയ്ക്കുന്നു. ഇനി ജീവിതത്തിലങ്ങോട്ട് പ്രത്യേകിച്ച് ഈ നോമ്പുകാലത്തിൽ ദൈവേഷ്ടം പ്രവർത്തിക്കുന്നവരാകാം . നമുക്ക് 'അഹ'ത്തെ പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും കീഴ്പ്പെടുത്താം .

രണ്ടാമതായി, സഹനങ്ങളിൽ തന്റെ മനോഭാവം എന്ത് എന്ന് സ്വയം ചോദിച്ച് മനസിലാക്കലാണ്. പാറപ്പുറത്തും മണൽ പുറത്തും വീടു പണുതവരെ താരതമ്യപ്പെടുത്തുന്നതിലൂടെ ഈശോ ഈ പരിശോധന നമ്മൾ നടത്താൻ ആവശ്യപ്പെടുകയാണ്. സഹനങ്ങൾ രോഗങ്ങളുടെ രൂപത്തിലോ, സാമ്പത്തിക തകർച്ചയുടെ രൂപത്തിലോ, ഉറ്റവരുടെയും ഉടയവരുടെയും മരണത്തിന്റെ രൂപത്തിലോ നമ്മിൽ ആഞ്ഞടിക്കുമ്പോൾ പൈശാചികമായ നിരാശയിലേക്കും നിരീശ്വരതിയിലേക്കും വീണ് മണൽ പുറത്ത് വീടു പണിതവനെപ്പോലെ നീ തകർക്കപ്പെടുന്നുണ്ടോ? അതോ ഇത്തരം സന്ദർഭങ്ങളിൽ ദൈവം തന്നു ദൈവം എടുത്തു ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടട്ടെ എന്ന ജോബിന്റെ മനോഭാവത്തോടെ വിശ്വാസത്തിൽ ശിരസുയർ ത്തി നിൽക്കാൻ നിനക്ക് സാധിക്കുന്നുണ്ടോ? നിന്റെ ജീവിതത്തിന്റെ അടിത്തറ ദൈവവിശ്വാസമാണ്, ദൈവേഷ്ടമാണ്. മറിച്ചെങ്കിൽ നീ ജീവിതം കെട്ടിപൊക്കിയിരിക്കുന്നത് തന്നിഷ്ടത്തിലും അഹംഭാവത്തിലുമാണ്. ആത്മശോധന ചെയ്യാം.

**Fr. Justin Kolamkanni**